കേരള സർക്കാർ
GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനൊന്നാം പദ്ധതി മാർഗ രേഖ - ബഡ്സ് സ്കൂൾ പ്രവർത്തകരുടെ ഹോണറേറിയം സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്)നം. 29/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 09/02/2012.

---

പരാമർശം (1) 24/07/2007 ലെ സ.ഉ (എം.എസ്) നമ്പർ 183/07/ത.സ്വ.ഭ.വ
(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/07/2011-ലെ കെ.എസ്./എൽ/3378/2011 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് സെക്ഷൻ 4.4 ലെ വ്യവസ്ഥകൾ പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബഡ്സ് സ്കൂൾ പ്രവർത്തകർക്ക് നിലവിൽ ഹോണറേറിയം നൽകി വരുന്നത്. ഇതു പ്രകാരം അദ്ധ്യാപികയ്ക്ക് 3,000/- രൂപയും ആയയ്ക്ക് - 1500/- രൂപയുമാണ് നിരക്ക്. സ്പെഷ്യലിസ്റ്റുകൾക്ക് പ്രതിദിന ബത്ത 250/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.

ബഡ്സ് സ്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് അദ്ധ്യാപികയുടെ കുറഞ്ഞ യോഗ്യത ഹയർ സെക്കന്ററിയും റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ) ഡിപ്ലോമയുമാണ്. ബഡ്സ് സകൂൾ അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത നിർബന്ധമാക്കുകയും അതിനൊപ്പം വർദ്ധിപ്പിച്ച ഹോണറേറിയം അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ സേവനത്തിന് ആളെ ലഭിക്കുന്നില്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന ബഡ്സ് സ്കൂളുകളിലെ പ്രവർത്തകർക്ക് പരാമർശം -1 <u>പ്രകാരമുള്ള</u> പതിനൊന്നാം പദ്ധതി മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള വളരെകുറഞ്ഞ ഹോണറേറിയം മാത്രമാണ് ലഭിക്കുന്നത്. ഇതുമൂലം യോഗ്യതയുള്ള പലരും സേവനം ഉപേക്ഷിക്കുകയും, ബഡ്സിലെ നിയമനങ്ങൾക്ക് താല്പര്യം കാണിക്കാതെ വരുകയും ചെയ്യുന്നതായും ഈ സാഹചര്യത്തിൽ ദീനദയാൾ ഡിസേബിൽഡ് റിഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്) അനുസരിച്ചുള്ള ഹോണറേറിയം നിരക്ക് ബഡ്സ് സ്പെഷ്യൽ സ്കൂളുകളിൽ അനുവദിക്കപ്പെടുന്നത് പ്രശ്ന പരിഹാരത്തിന് സഹായകമായിരിക്കും എന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം - 1 ഉത്തരവിലെ സെക്ഷൻ 4.4 പ്രകാരം ബഡ്സ് സ്കൂൾ അദ്ധ്യാപികമാർക്ക് നിശ്ചയിച്ചിരുന്ന ഹോണറേറിയം

നിരക്കുകളിൽ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബഡ്സ് സ്ക്കൂൾ ടീച്ചർമാർക്ക് ഹോണറേറിയം 3000 രൂപ ആയി നിശ്ചയിച്ചിരുന്നത് 3400 രൂപയായി വർദ്ധിപ്പിക്കുന്നു. ടീച്ചർമാരുടെ യോഗ്യതയും ഹോണറേറിയവും ദീനദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം അനുസരിച്ച് താഴെ പറയും പ്രകാരം ആയിരിക്കും. ഈ യോഗ്യത ഉള്ള ടീച്ചർമാരെ ലഭിക്കുന്നതുവരെ നിലവിലുള്ള ടീച്ചർമാർ തുടരേണ്ടതും അവർ അടുത്ത 5 വർഷത്തിനുള്ളിൽ ഈ യോഗ്യത നേടേണ്ടതുമാണ്.

| തസ്തിക | | യോഗ്യത | ഹോണറേറിയം |
|---|---|---|---|
| 1 | ഗ്രാഡുവേറ്റ് ടീച്ചർ | ബിരുദത്തോടു കൂടിയ ഡി.എസ്.സി (എം.ആർ) ഡിപ്ലോമയും ഒരു വർഷത്തെ മുൻപരിചയവും | 5,800 രൂപ |
| 2 | അസിസ്റ്റന്റ് ടീച്ചർ | ബിരുദം സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിപ്ലോമ, അല്ലെങ്കിൽ ബിരുദത്തോടു കൂടിയ ഡി.എസ്.സി. (എം.ആർ) ഡിപ്ലോമ, ഒരു വർഷത്തെ മുൻ പരിചയവും | 3,800 രൂപ |

പരാമർശം - 1 ലെ സർക്കാർ ഉത്തരവ് മേൽ വിവരിച്ച ഭേദഗതികൾ സഹിതം നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
**എം. ഷാഹുൽ ഹമീദ്**
**അണ്ടർ സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
4. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ് (7544/ഡിഎ1/11/തസ്വഭവ നമ്പർ കുറിപ്പ് പ്രകാരം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരളം)
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം
7. ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ. പി.ഒ., തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**